*ഭരണഭാഷ മാതൃഭാഷ*

നം.എച്ച്(2)/25700/15/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം തീയതി 15.05.2015

**സർക്കുലർ**

വിഷയം: പൊ.വി.-പുതുതായി രൂപീകരിച്ച വിദ്യാഭ്യാസ ജില്ലകളിലെ സ്കൂളുകളുടെ സ്കൂൾകോഡ് സമ്പൂർണ്ണയിൽ തിരുത്തൽ വരുത്തുന്നത്-സംബന്ധിച്ച്

സൂചന: 1) 18.04.2015 ലെ ഈ ഓഫീസിലെ എൻ.ഇ.പി3/30482/2015/ഡി.പി.ഐ നമ്പർ സർക്കുലർ

2) ഐ.ടി.@ സ്കൂളിലെ 22.04.2015 ലെ ഐ.റ്റി.എസ്/2015/04/1421(7) നമ്പർ കുറിപ്പ്.

പുതുതായി രൂപീകരിച്ച തളിപ്പറമ്പ്, മണ്ണാർക്കാട്, തിരൂരങ്ങാടി വിദ്യാഭ്യാസ ജില്ലകളിൽ ഉൾപ്പെട്ട ഹൈസ്കൂളുകൾക്ക് പരീക്ഷാ ഭവൻ 2015 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷക്കുവേണ്ടി പുതിയ സ്കൂൾകോഡും സെന്റർ കോഡും അനുവദിച്ച് നൽകിയിട്ടുണ്ട്. സമ്പൂർണ്ണ ഓൺലൈൻ സോഫ്റ്റ് വെയറിൽ ടി സ്കൂളുകൾക്ക് നിലവിൽ സ്കൂൾ കോഡ് ഉണ്ട്.

സ്കൂളുകളിൽ ക്ലാസ് പ്രൊമോഷൻ, റ്റി.സി തയ്യാറാക്കൽ, അഡ്മിഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ സമ്പൂർണ്ണ മുഖേന മാത്രം ചെയ്യണമെന്ന് സൂചന (1) പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. സമ്പൂർണ്ണയിൽ നിലവിലുള്ള സ്കൂൾ കോഡ് പരീക്ഷാ ഭവൻ നൽകിയ സ്കൂൾ കോഡാക്കി മാറ്റുന്നതിന് സമ്പൂർണ്ണയുടെ പ്രവർത്തനങ്ങൾ ഏതാനും ദിവസമെങ്കിലും നിർത്തിവയ്ക്കേണ്ടിവരും. കൂടാതെ ഓരോ വിദ്യാഭ്യാസ ജില്ലയിലുമുള്ള എൽ.പി/യു.പി സ്കൂളുകളുടെ കോഡും ഹൈസ്കൂളുകളുടെ കോഡും സമാന സ്വഭാവമുള്ളതാണ്. ഹൈസ്കൂളുകളുടെ മാത്രം സ്കൂൾ കോഡ് മാറ്റുന്നത് പലവിധത്തിലുള്ള ആശയകുഴപ്പങ്ങൾക്കും കാരണമാകും. മാത്രമല്ല നിലവിലുള്ള സ്കൂൾ കോഡ് സമ്പൂർണ്ണയുടെ എല്ലാ പ്രവർത്തനങ്ങൾക്കും ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും. പരീക്ഷാഭവനിൽ നിന്ന് പുതിയ ജില്ലാ വിദ്യാഭ്യാസ ഓഫീസുകളുടെ നിയന്ത്രണത്തിലുള്ള ഹൈസ്കൂളുകൾക്ക് നൽകിയിട്ടുള്ള കോഡ് പരീക്ഷാ സെന്റർ കൊഡായി ഉപയോഗിക്കാവുന്നതാണ്.

ആയതിൽ 2015-16 ലെ സ്കൂൾ അഡ്മിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതുവരെ (2015 ആഗസ്റ്റ് വരെ) പുതിയ വിദ്യാഭ്യാസ ജില്ലകളിലെ ഹൈസ്കൂളുകൾ നിലവിൽ സമ്പൂർണ്ണയിലുള്ള സ്കൂൾ കോഡ് ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**
**(ജനറൽ)**

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കണ്ണൂർ, തലശ്ശേരി, തളിപ്പറമ്പ്, മലപ്പുറം, തിരൂർ, തിരൂരങ്ങാടി, പാലക്കാട്, ഒറ്റപ്പാലം, മണ്ണൂർക്കാട്

പകർപ്പ്:

വിദ്യാഭ്യാസ ഉപഡയറക്ടരമാർ, കണ്ണൂർ, മലപ്പുറം, പാലക്കാട്

Sls/15/5/15